# അവകാശികൾ

നാല് ഭാഗങ്ങളിലായി നാലായിരത്തിലധികം പേജുകളുള്ള ബൃഹത്തായ നോവലാണ് "വിലാസിനി"(എം.കെ.മേനോൻ) യുടെ അവകാശികൾ. ഐതിഹാസിക വലിപ്പമുള്ള ഇതുപോലത്തെ മറ്റൊരു നോവൽ മലയാളത്തിലെന്നല്ല മറ്റു ഭാരതീയ ഭാഷകളിലും ഉണ്ടെന്നു തോന്നുന്നില്ല. വലിപ്പം ഈ നോവലിനെ സംബന്ധിച്ചിടത്തോളം അനിവാര്യമാണെന്നു പ്രമേയവും നോവലിസ്റ്റിന്റെ ലക്ഷ്യവും വ്യക്തമാക്കുന്നു.

പന്ത്രണ്ടോളം കഥാപാത്രങ്ങളുടെ മനോവൃത്തികളാണ് നോവലിൽ. കേന്ദ്രകഥാപാത്രം എന്നു പറയാവുന്ന വേലുണ്ണിക്കുറുപ്പിന്റെ മരണത്തിനു തൊട്ടുമുമ്പുള്ള അഞ്ചു മാസങ്ങൾക്കുള്ളിൽ ഇടവിട്ട് പതിനഞ്ച് ദിവസങ്ങളിൽ നടക്കുന്ന സംഭവങ്ങളാണ് നോവലിലെ പ്രതിപാദ്യം. കുറുപ്പ് ചെറുപ്പത്തിലേ മലയായിലെത്തി. പലവിധത്തിലായി കണക്കില്ലാത്ത സമ്പത്താർജ്ജിച്ചു. അനിയൻ രാവുണ്ണികുറുപ്പിനെ പഠിപ്പിച്ച് ഡോക്ടറാക്കി. വേലുണ്ണിക്കുറുപ്പ് വിവാഹം ചെയ്തത് മൂന്നു കുട്ടികളുടെ അമ്മയും വിധവയുമായ വിശാലാക്ഷിയമ്മയെയാണ്. കുറുപ്പിനു കുട്ടികളുണ്ടായില്ല. എന്നാൽ, വിശാലാക്ഷിയമ്മയുടെ മക്കളായ ശ്രീധരൻ, സുക, ഭദ്ര എന്നിവരെ അദ്ദേഹം സ്വന്തം മക്കളായി തന്നെ കരുതി. രാവുണ്ണി കുറുപ്പിന്റെ ഭാര്യ സരസ്വതിയമ്മ മുൻപൊരു നർത്തകിയായിരുന്നു. വിശാലാക്ഷിയമ്മ ഒരു സന്യാസിനിയെപ്പോലെ കഴിയുകയായിരുന്നു. ഈ സാഹചര്യം മുതലെടുത്ത് സരസ്വതിയമ്മ സ്വത്ത് മോഹിച്ച് സഹോദരി അംബികയെ കുറുപ്പിന്റെ മകനെക്കൊണ്ട് വിവാഹം കഴിപ്പിച്ചു. എന്നിട്ടും കുറുപ്പിന് കുട്ടി ഉണ്ടായില്ലെന്നതുകൊണ്ട് സരസ്വതിയമ്മ മറ്റൊരാളാൽ സഹോദരിയെ ഗർഭവതിയാക്കി. സത്യം അറിഞ്ഞ വേലുണ്ണിക്കുറുപ്പിന്റെ പ്രതികാരബുദ്ധി അംബികയുടെ ജീവനൊടുക്കി. സരസ്വതിയമ്മയുടെ നിയന്ത്രണത്തിലായ രാവുണ്ണിക്കുറുപ്പ് അവരുടെ ദുരാചാരങ്ങളുടെ നേരെ ശബ്ദിക്കാനാകാതെ ബുദ്ധിമുട്ടുകയാണ്.

## പുസ്തകക്ഷേത്രം -6

### അഡ്വ. പി.രാമദാസ്

വേലുണ്ണി ... ക്കുറുപ്പിന്റെ മരുമക്കളാ ... ണ് കരുണനും, മണി ... യും. സരസ്വതിയമ്മ ... യുടെ മകൾ ഡോ. മിനി ... യാണ് കരുണന്റെ ഭാ ... ര്യ. മണിയുടെ ഭർത്താവ് സരസ്വതിയമ്മയുടെ സഹോദരൻ " ശകുനി കുട്ടമ്മാനും" സരസ്വതിയമ്മയുടെ മകൻ ഭാസിയുടെ കണ്ണ് വേലുണ്ണിക്കുറുപ്പിന്റെ "പുലാവുന്നുറി" എന്ന ഭൂമിയിലാണ്. വൃദ്ധനും രോഗിയുമായ വേലുണ്ണിക്കുറുപ്പിനെ സ്നേഹിച്ചും പരിചരിച്ചും കഴിയുകയാണ് ഭദ്ര.

രാവുണ്ണിക്കുറുപ്പിന്റെ മകൻ ഗംഗാധരനാണ് ഭദ്രയെ വിവാഹം കഴിച്ചിരിക്കുന്നത്. അയാൾ ഭദ്രയെ ഉപേക്ഷിച്ച് മുമ്പ് ബന്ധമുണ്ടായിരുന്ന ഒരു മലയാക്കാരിയുടെ ഭർത്താവായി കഴിയുന്നു.

ഭദ്രയുടെ മകൾ രാജി നൃത്തം പഠിച്ച് മദ്രാസിൽ ഒരു സിനിമാ നടിയായി. വാസുദേവൻ നായർ എന്ന സിനിമാക്കാരനാൽ വഞ്ചിതയായി രാജി നാട്ടിൽ തിരിച്ചെത്തി.

വിശാലാക്ഷിയമ്മയുടെ മകൻ ശ്രീധരമേനോനാണ് വേലുണ്ണിക്കുറുപ്പിന്റെ മനസാക്ഷി സൂക്ഷിപ്പുകാരൻ. കുറുപ്പ് തന്റെ സ്വത്ത് ഭദ്രയ്ക്കും ശ്രീധരമേനോനും രാജിക്കുമായി എഴുതിവച്ചു. വേലുണ്ണിക്കുറുപ്പിന്റെ വിശ്വസ്ത ഉപദേഷ്ടാവും മിത്രവുമാണ് അഡ്വ. ഉണ്ണി. ഉണ്ണി തൊഴിൽ ഉപേക്ഷിച്ച് ഇപ്പോൾ മകൾ പ്രിയയുമായി കഴിയുകയാണ്. ഭദ്രയെ ഉണ്ണിയെക്കൊണ്ട് വിവാഹം കഴിപ്പിക്കുവാൻ വേലുണ്ണിക്കുറുപ്പ് ആലോചിച്ചിരുന്നു.

"ജിം" എന്ന ഹിപ്പി പ്രേമനൈരാശ്യം മൂലം ആത്മശാന്തി തേടി ഉണ്ണിയെ ഗുരുവായി ആരാധിച്ചു കഴിയുകയാണ്. രാജി അയാൾക്ക് ഒരു ആകർഷണമാണ്. രാജി ആശ്വാസം കണ്ടെത്തുന്നതാകട്ടെ ഉണ്ണിയിലും.

ബൃഹത്തായ ഈ നോവലിലെ കഥയിലേക്കു വെളിച്ചം വീശുക ഈ ചെറുലേഖനത്തിൽ സാധ്യമല്ല. പ്രമേയത്തിലേക്ക് ഒരെത്തിനോട്ടം ഇതുകൊണ്ട് സാധിക്കാം. വേലുണ്ണിക്കുറുപ്പിന്റെ സ്വത്തിനുള്ള അവകാശികൾ മൂന്നു വിഭാഗക്കാരാണ് -നേരിട്ട് ബന്ധമില്ലാത്ത വിശാലാക്ഷിയമ്മയുടെ മക്കൾ, രക്തബന്ധമുള്ള മരുമക്കൾ, രക്തബന്ധമുള്ള സഹോദരന്റെ മക്കൾ. എന്നാൽ, വേലുണ്ണിക്കുറുപ്പിന്റെ നിശ്ചയമാകട്ടെ രക്തബന്ധമില്ലെങ്കിലും ആത്മബന്ധമുള്ള ഭദ്രക്കും രാജിക്കും ശ്രീധരമേനോനും സ്വത്ത് വീതിച്ചു കൊടുക്കാനാണ്. ഈ നിശ്ചയം നിരവധി പ്രശ്നങ്ങൾക്കു കാരണമായി തീരുകയാണ്.

സ്വത്ത് തർക്കത്തിൽ മധ്യസ്ഥനാകേണ്ടിവന്ന ഉണ്ണിയുടെ ചിന്തകളിൽനിന്ന് ഒരുഭാഗം ഉദ്ധരിച്ചുകൊണ്ട് ഈ ലേഖനം അവസാനിപ്പിക്കുന്നു.

"കുരുക്ഷേത്രം ആവർത്തിച്ചുകൊണ്ടേയിരിക്കുന്നു. ഓരോ ഭാരതയുദ്ധവും മനുഷ്യന്റെ മനസിലെ ക്ഷുദ്രവാസനയുടെ ബഹിർസ്ഫുരണം മാത്രമാണല്ലോ. ഈ വാസന ബന്ധുക്കളോടും ശത്രുക്കളോടും പോരടിക്കാൻ പ്രേരിപ്പിക്കുന്നു. അല്ലെങ്കിൽ ബന്ധുവാര്? ശത്രുവാര്? എല്ലാ ബന്ധങ്ങളും എട്ടുകാലി വലകളാണ്. സ്വാർത്ഥത അതിന്റെ നടുക്ക് പതുങ്ങിയിരിക്കുന്നു"